**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688</u>** **<u>04-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | **1. <u>CI.M.A. (Co-operative Inspection Management Application)</u>**<br><br>ഇൻസ്പെക്ഷൻ നടപടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും വേണ്ടി വകുപ്പിൽ "കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മന്റ് ആപ്ലിക്കേഷൻ" വികസിപ്പിച്ചിട്ടുള്ളതും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.<br><br>01/03/2025 തീയതി മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ മിന്നൽ പരിശോധനകൾ മൊബൈൽ ആപ്ലിക്കേഷൻ വഴി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 7/2025 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**2. <u>Online Transfer and posting :</u>**<br><br>സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04.06.2023 തീയതിയിലെ സ.ഉ.(കൈ)8/2023/Co-op നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചുനൽകുകയും ആയത് പ്രകാരം സഹകരണ വകുപ്പിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ, സീനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ, സ്പെഷ്യൽ ഗ്രേഡ് സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) എന്നീ തസ്തികകളിലുള്ള ജീവനക്കാരുടെ 2024 വർഷത്തെ പൊതു സ്ഥലംമാറ്റം 13.12.2024 ന് ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട് . |

### 3. I.C.D.M.S. (Integrated Co-operative Department Management System)

സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി I.C.D.M.S. (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ബൈലോ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/ സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനുമുള്ള സംവിധാനമൊരുക്കി ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നത് I.C.D.M.S. -ലൂടെയാണ്.

സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതി കളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

### 4. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

### 5. Co-operative Audit Monitoring & Information System (C.A.M.I.S.)

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും C.A.M.I.S. - ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**6. <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകികൃത സോഫ്റ്റ്‌വെയർ</u>**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**7. <u>ഇ-ഓഫീസ്</u>**

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ്, എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) / സഹകരണ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ, താലൂക്ക് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**8. <u>വെബ് സൈറ്റ്</u>**

സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| (ബി) | സഹകരണ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ? | (ബി) | സഹകരണ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>നാഷണൽ ഇൻഫർമേറ്റിക്സ് സെന്റർ (എൻ.ഐ.സി.) യുടെ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലും സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിലും 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസുകളിലും 14 സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും 78 സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലും 64 സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സഹകരണവകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനം 18/05/2022 -ൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ